പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3808

15.05.2017-ൽ മറുപടിക്ക്

## മഹാകവി ജി.ശങ്കരക്കുറുപ്പിന്റെ സ്മാരകം നിർമ്മിക്കുന്നതിന് ഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) മഹാകവി ജി.ശങ്കരക്കുറുപ്പിന്റെ സ്മാരകം നിർമ്മിക്കുന്നതിനായി 20.05.2005-ലെ സ.ഉ.(എം.എസ്) നം.149/2005/റവ. ഉത്തരവ് പ്രകാരം നൽകിയ കണയന്നൂർ താലൂക്കിലെ എറണാകുളം വില്ലേജിൽ സർവ്വെ നമ്പർ 2681-ൽ ഉൾപ്പെട്ട ഒരേക്കർ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി കൊച്ചി നഗരസഭ അറിയിപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അറിയിപ്പ് നൽകിയത്; | (എ) ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനായി കൊച്ചി നഗരസഭയുടെ അറിയിപ്പ് 16.07.2005-ന് എറണാകുളം കളക്ടേറ്റിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) അളന്നു തിട്ടപ്പെടുത്തുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (ബി) സ്ഥലത്തിന്റെ ലഭ്യതക്കുറവു മൂലം നാളിതുവരെ സർക്കാർ ഉത്തരവു പ്രകാരം നിർദ്ദേശിച്ചിരുന്ന ഒരേക്കർ ഭൂമി ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. |
| (സി) എന്നത്തേക്ക് അളന്നു തിട്ടപ്പെടുത്തി നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) 25 സെന്റ് ഭൂമി മഹാകവി ജി.ശങ്കരക്കുറുപ്പിന്റെ സ്മാരകത്തിലേയ്ക്ക് ലഭ്യമാക്കുന്നതിനു വേണ്ടി നിലവിലെ ഉത്തരവിൽ മാറ്റം വരുത്തി പുനർ ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**